-

<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഒന്നാം സമ്മേളനം</u>

| | |
|---|---|
| <u>നക്ഷത്ര ചിഹ്നമിടാത്ത</u> | <u>15/07/2011-ൽ മറുപടി</u> |
| <u>ചോദ്യം നം: 2221</u> | <u>നല്കേണ്ടത്</u> |

## <u>പട്ടയം ലഭ്യമാക്കാൻ നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംമ്പുഴ പഞ്ചായത്തിൽ കണ്ണിമംഗലം, ചാത്തക്കുളം, പാണ്ടുപാറ, കാരക്കാട് പ്രദേശങ്ങളിൽ അരനൂറ്റാണ്ടായി കൈവശംവച്ചുവരുന്ന ഭൂമിക്ക് പട്ടയം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇവർക്ക് പട്ടയം ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) ഇവർക്ക് പട്ടയം നല്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രദേശങ്ങളിലുള്ള കൈവശക്കാർ പതിച്ചു നല്കാവുന്ന പരിധിയിൽ കൂടുതൽ ഭൂമി കൈവശംവച്ചുവരുന്നതും അയ്യംമ്പുഴ വില്ലേജ് ഹിൽ ട്രാക്റ്റ് ഏരിയയിൽ ഉൾപ്പെട്ടതല്ലാത്തതും പതിവ് നടപടികൾക്ക് തടസ്സമായി നില്ക്കുന്നുണ്ട്. 01/01/1977ന് മുമ്പ് വനഭൂമി കൈവശംവച്ച് അനുഭവിച്ച് വരുന്നവർക്ക് പട്ടയം നല്കുന്നതിന് റവന്യൂ - വനം വകുപ്പുകൾക്ക് സംയുക്ത പരിശോധന നടത്തിയിട്ടുള്ളതും അംഗീകരിച്ച ലിസ്റ്റ് വനം വകുപ്പിൽ നിന്നും തിരികെ ലഭിച്ചിട്ടില്ലാത്തതുമാണ്. |
| (സി) ഇതു സംബന്ധിച്ച ആലുവ താലൂക്ക് ആഫീസ്, എറണാകുളം കളക്ട്രേറ്റ്, ലാന്റ് റവന്യൂ കമ്മീഷണർ, റവന്യൂ ഡിപ്പാർട്ടുമെന്റ് എന്നിവിടങ്ങളിൽ പരിഗണനയിലിരിക്കുന്ന ഫയലുകളുടെ നിജസ്ഥിതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ? | (സി) അപേക്ഷകരിൽ 15 സെന്റും അതിൽ താഴെയും ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് പട്ടയം നല്കിയിട്ടുള്ളതാണ്. ബാക്കിയുള്ളവർ ഭൂമി പതിവ് ചട്ടം പ്രകാരം പതിച്ച് നല്കാവുന്ന പരിധിയിലും കൂടുതൽ ഭൂമി കൈവശം വച്ചിട്ടുള്ളവരാണ്. നിലവിൽ അയ്യംമ്പുഴ വില്ലേജ് ഹിൽ ട്രാക്റ്റ് ഏരിയയിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ഹിൽ ട്രാക്റ്റ് ഏരിയയിൽപ്പെട്ട മഞ്ഞപ്ര വില്ലേജ് വിഭജിച്ചാണ് അയ്യംമ്പുഴ വില്ലേജ് രൂപം കൊണ്ടിട്ടുള്ളത്. അതിനാൽ അയ്യംമ്പുഴ വില്ലേജ് ഹിൽ ട്രാക്റ്റ് ഏരിയ ആയി കണക്കാക്കി പട്ടയം അനുവദിക്കുന്ന കാര്യം സംബന്ധിച്ച് ആലോചിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ